**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **08.07.2014-ൽ**
**ചോദ്യം നമ്പർ : 6213** | **മറുപടിയ്ക്ക്**

## വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ)സംസ്ഥാനത്തെ വിമുക്ത ഭടന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. പരാതികൾ അതാത് ജില്ലാ സൈനിക ക്ഷേമ ഓഫീസ് വഴി ജില്ലാ തല പരാതി പരിഹാര സെല്ലിന് സമർപ്പിച്ച് സമയ ബന്ധിതമായി പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുസംബന്ധിച്ച് ലഭിച്ച പരാതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) & (സി) : സൈനിക ക്ഷേമ വകുപ്പിൽ പരിഹാരം കാണാൻ കഴിയുന്ന പരാതികൾ യഥാസമയം സർക്കാർ തലത്തിൽ പരിഹാരം കാണുകയും അല്ലാത്തവ ജില്ലാതല പരാതി പരിഹാര സെൽ മുഖാന്തിരം ബന്ധപ്പെട്ട വകുപ്പുകൾക്ക് നടപടി സ്വീകരിക്കുവാൻ കൈമാറുകയുമാണ് ചെയ്യുന്നത്. |
| (സി) പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ; | |

| | |
|---|---|
| (ഡി) വിമുക്തഭടന്മാരുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത് ; | (ഡി) വിമുക്തഭടന്മാരുടെ പുനരധിവാസത്തിനായി സൈനിക ക്ഷേമ ഡയറക്ടറേറ്റ് മുഖേനയും, കെക്സ്കോൺ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും പല സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും സെക്യൂരിറ്റി സൂപ്പർവൈസർ, സെക്യൂരിറ്റി ഗാർഡ് തുടങ്ങിയ മറ്റ് അനവധി ട്രേഡുകളിലും നിയമനം നൽകി വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്. |
| (ഇ) വിമുക്തഭടന്മാർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഇ) ഉണ്ട്. രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും വിധവകൾക്കുമുള്ള പ്രതിമാസ സാമ്പത്തിക സഹായം 1,000/- രൂപയിൽ നിന്നും 1,500/- രൂപയായും, 500/- രൂപയിൽ നിന്നും 750/- രൂപയായും യഥാക്രമം വർദ്ധിപ്പിച്ച് ഇപ്പോൾ നൽകി വരുന്നു. മാത്രമല്ല, പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി 10,000/- രൂപയിൽ നിന്നും 50,000/- രൂപയായും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രമല്ല ഗ്യാലന്ററി, നോൺ-ഗ്യാലന്ററി അവാർഡ് ജേതാക്കൾക്ക് സംസ്ഥാന സർക്കാർ ഒറ്റത്തവണയായി നൽകുന്ന അവാർഡുകളുടെ തുക വർദ്ധിപ്പിച്ചു കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**